പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.317 — 03.02.2020 ൽ മറുപടിയ്ക്ക്

# നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.പ്രശാന്ത്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. കെ.ജെ. മാക്സി | ശ്രീ.പി തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നാണ്യപ്പെരുപ്പവും അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവും രാജ്യത്തൊട്ടാകെ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വലിയ വർദ്ധനവിന് കാരണമായ സാഹചര്യത്തിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തുന്ന വിപണി ഇടപെടലുകൾ ചുവടെ ചേർക്കുന്നു.<br>പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ് സിഡി സാധനങ്ങളുടെ വില്പന വില ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വർദ്ധിപ്പിച്ചിട്ടില്ല. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില പൊതു വിപണിയിൽ ഉയരാതിരിക്കാൻ കാരണമാകുന്നുണ്ട്. കൂടാതെ, സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുകയും ചെയ്യുന്നു.<br>ഇ-ടെൻഡറിന് പുറമെ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിച്ച് കമ്പോളത്തിൽ എത്തിക്കുന്നു.<br>വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠന വിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേർന്ന് വിപണി വില വിലയിരുത്തി വേണ്ട നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | കേന്ദ്ര സർക്കാർ പിന്തുടരുന്ന നയം വഴി സാധാരണക്കാരുടെ മേൽ അധികഭാരം ഏല്പിക്കുന്നതോടൊപ്പം തന്നെ പൊതുവിതരണ ശൃംഖല വഴി ജനങ്ങൾക്കാവശ്യമായ തോതിൽ വിതരണം ചെയ്യുന്നതിന് വേണ്ടത്ര ഭക്ഷ്യവിഹിതം അനുവദിക്കാത്തത് ഉപഭോക്തൃ പ്രധാനമായ സംസ്ഥാനത്തെ ജനങ്ങൾക്ക് മറ്റിടങ്ങളിലുള്ളതിനെക്കാൾ പ്രശ്നം സൃഷ്ടിക്കാതിരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) | മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങളിലാണ് കുറവുള്ളത്. എന്നാൽ നീക്കിയിരിപ്പ് സ്റ്റോക്കു കൂടി ഉപയോഗിച്ചുകൊണ്ട് ടി വിഭാഗത്തിന് പരമാവധി വിതരണത്തോത് നിശ്ചയിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്നുള്ള ആവശ്യം നിരന്തരം കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നുമുണ്ട്. |
| (സി) | മാർക്കറ്റിടപെടൽ ശക്തിപ്പെടുത്തുന്നതിന് സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും സപ്ലൈകോയുടെ സാമ്പത്തിക സുസ്ഥിരതക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചും അറിയിക്കാമോ? | (സി) | മാർക്കറ്റ് ഇടപെടൽ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി സപ്ലൈകോ, കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നത് 1581 ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും അത് വഴി കൂടുതൽ ഉപഭോക്താക്കൾക്ക് സേവനം എത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. 2018-19 സാമ്പത്തിക വർഷം 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളും നവീകരിച്ചു. നോൺ സബ് സിഡി വിഭാഗത്തിൽപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, എഫ്.എം.സി.ജി വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടെ പർച്ചേസ് കേന്ദ്രീയ സംവിധാനത്തിന് കീഴിൽ കൊണ്ടു വരികയും ലാഭ ശതമാനം ഏകീകരിക്കുകയും ചെയ്തു. ശബരി തേയിലയുടെ ജനതാല്പര്യവും വില്പനയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വളരെ കുറഞ്ഞ വിലയിൽ ടീ ബാഗുകൾ വിപണിയിൽ |

| | | | |
|---|---|---|---|
| | | | എത്തിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റോക്ക് സംഭരിച്ച് ബ്ലെൻഡിങ് വേഗത കൂട്ടുന്നതിനായി അധിക ബ്ലെൻഡിങ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിലേയ്ക്കും ഇവയുടെ വില്പന വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത്, 160 വില്പനശാലകളിലൂടെ മിതമായ വിലയിൽ ഗൃഹോപകരണ വില്പന ആരംഭിച്ചതിലൂടെ, ഗൃഹോപകരണങ്ങളും മിതമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ